# കേരളസർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ്- സമാശ്വാസ തൊഴിൽ ദാന പദ്ധതി - കൊച്ചിൻ കോർപ്പറേഷനിൽ കണ്ടിജന്റ് വർക്കർ തസ്തികയിൽ ജോലി നോക്കി വരവെ മരണമടഞ്ഞ ജോസഫ് സേവ്യറുടെ മകൾ ശ്രീമതി. സബിത.പി.പി യ്ക്ക് മുനിസിപ്പൽ കോമൺ സർവ്വീസിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നല്കുന്നതിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു

## തദ്ദേശ സ്വയംഭരണ(ഇയു)വകുപ്പ്

സ.ഉ(എം.എസ്)നം.60/2017/ത.സ്വ.ഭ.വ. **തീയതി, തിരുവനന്തപുരം** 18/03/2017

പരാമർശം:-1) 24/05/1999 ലെ സ.ഉ(പി)നം.12/99/ഉ.പ.ഭ.വ.

2) 08.10.2015-ൽ ശ്രീമതി. സബിത.പി.പി സമർപ്പിച്ച അപേക്ഷ.

3) നഗരകാര്യ ഡയറക്ടറുടെ 03/09/2016 ലെ ഇ 4- 25470/15 നം കത്ത്.

4) എറണാകുളം ജില്ലാ കളക്ടറുടെ 21.12.2016 ലെ ഇ 5-82652/2016 നം കത്ത്.

## <u>ഉത്തരവ്</u>

സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ജോലി നല്കുന്ന സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് കൊച്ചിൻ കോർപ്പറേഷനിൽ കണ്ടിജന്റ് വർക്കർ ആയിരിക്കവെ 12.05.2015 ൽ മരണമടഞ്ഞ ജോസഫ് സേവ്യറുടെ മകൾ ശ്രീമതി. സബിത.പി.പി 08.10.2015-ൽ അപേക്ഷ സമർപ്പിച്ചു. 12.05.2015 ൽ മരണമടഞ്ഞ ജോസഫ് സേവ്യറിന് 33 വർഷത്തെ സർവ്വീസ് ഉണ്ടായിരുന്നു. പരേതന്റെ ജനനത്തീയതി ,സർവ്വീസിൽ പ്രവേശിച്ച തീയതി എന്നിവ യഥാക്രമം 01.07.1956, 30.04.1982 ആണ്. മുകളിൽ മൂന്നാമതായി വായിച്ച കത്ത് പ്രകാരം നഗരകാര്യ ഡയറക്ടറും നാലാമതായി വായിച്ച കത്ത് പ്രകാരം എറണാകുളം ജില്ലാ കളക്ടറും അപേക്ഷകയ്ക്ക് ജോലി നല്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്.

2. 25.02.1980 ൽ ജനിച്ച അപേക്ഷക 9-ാം ക്ലാസ് വരെ പഠിച്ചിട്ടുണ്ട്. ഈ ജോലിക്കായി പരേതന്റെ ആശ്രിതരിൽ മറ്റാരും തന്നെ അപേക്ഷിച്ചിട്ടില്ലായെന്നും മറ്റാർക്കും ജോലി ലഭിച്ചിട്ടില്ലായെന്നും അപേക്ഷകയും എറണാകുളം ജില്ലാ കളക്ടറും വ്യക്തമാക്കിയിട്ടുണ്ട്. പരേതന്റെ ആശ്രിത എന്ന നിലയിൽ അപേക്ഷകയായ ശ്രീമതി. സബിത.പി.പി യ്ക്ക് ജോലി നല്കുന്നതിൽ എതിർപ്പില്ലായെന്ന് പരേതന്റെ മറ്റവകാശികൾ സമ്മതപത്രം ഒപ്പിട്ടു നല്കിയിട്ടുണ്ട്. ജോലി ലഭിക്കുന്നതിനായുള്ള അപേക്ഷ നിശ്ചിത സമയ പരിധിക്കുള്ളിൽ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷകയുടെ കുടുംബ വാർഷിക വരുമാനം 60,000/- രൂപയാണെന്ന് തോപ്പുംപടി വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

3. ഈ സാഹചര്യത്തിൽ കൊച്ചിൻ കോർപ്പറേഷനിൽ കണ്ടിജന്റ് വർക്കർ ആയി ജോലി നോക്കി വരവെ മരണമടഞ്ഞ ജോസഫ് സേവ്യറുടെ മകൾ ശ്രീമതി. സബിത.പി.പി യ്ക്ക് മുനിസിപ്പൽ കോമൺ സർവ്വീസിൽ കൊച്ചി കോർപ്പറേഷനിലോ എറണാകുളം ജില്ലയിലെ മറ്റേതെങ്കിലും നഗരസഭയിലോ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നല്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ നിയമനം ഇപ്രകാരമുള്ള നിയമനം നല്കുന്നതിന് നീക്കി വച്ചിട്ടുള്ള ഒഴിവിന്റെ ലഭ്യതയ്ക്കും മുകളിൽ ഒന്നാമതായി വായിച്ച സർക്കാർ ഉത്തരവിലെ നിബന്ധനകൾക്കും വിധേയമായിരിക്കും.

4. ബന്ധപ്പെട്ട നഗരസഭ സെക്രട്ടറി/അർബൻ അഫയേഴ്സ് ഡയറക്ടർ ഒഴിവിന്റെ ലഭ്യതയനുസരിച്ച് മേൽ പറഞ്ഞ അപേക്ഷകയ്ക്ക് എത്രയും വേഗം നിയമന ഉത്തരവ് നല്കേണ്ടതാണ്.ടിയാളെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കേറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടി ക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതാണ്.അപേക്ഷകയ്ക്ക് നല്കുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിന് ലഭ്യമാക്കേണ്ടതാണ്.

5. അപേക്ഷക വസ്തുതകൾ മറച്ചുവച്ച് തെറ്റായ വിവരങ്ങൾ നല്കിയിരുന്നുവെന്ന് ഉത്തരവ് പുറപ്പെടുവിച്ച ശേഷം എപ്പോഴെങ്കിലും വെളിവാകുന്ന പക്ഷം നിയമനത്തിന് അനുമതി നല്കിക്കൊണ്ടുള്ള ഈ ഉത്തരവ് റദ്ദാക്കുന്നതിനുള്ള അവകാശം സർക്കാരിനുണ്ടായിരിക്കുന്നതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**എസ്.മോഹൻദാസ്**
ജോയിന്റ് സെക്രട്ടറി

പകർപ്പ്:

ശ്രീമതി.സബിത.പി.പി, പുളിമൂട്ടിപ്പറമ്പിൽ പനയപ്പിള്ളി, കൊച്ചി -2 (രജിസ്റ്റേർഡ് പോസ്റ്റ്)
നഗരകാര്യ ഡയറക്ടർ ,തിരുവനന്തപുരം.
സെക്രട്ടറി , എറണാകുളം നഗരസഭ(മേയർ മുഖേന)
ജില്ലാ കളക്ടർ , എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ,തിരുവനന്തപുരം.
(ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ